B4 31717/14

താലൂക്കാഫീസ്, തിരുവനന്തപുരം
തീയതി : 22/07/2015

## ലേല പരസ്യം

തിരുവനന്തപുരം താലൂക്കിൽ ശാസ്തമംഗലം വില്ലേജിൽ NCC ഡയറക്ടറേറ്റിന്റെ മതിലിനോടു ചേർന്ന് അട്ടിയിട്ടിരിക്കുന്ന തടിക്കഷണങ്ങൾ 12/8/15 - ന് പകൽ 11 മണിയ്ക്ക് ലേലം ചെയ്തു നൽകുന്നതാണ്.

ലേലത്തിൽ പങ്കുചേരാൻ ആഗ്രഹിക്കുന്നവർ ലേലസമയത്തിനുമുമ്പായി 150/- രൂപ നിരതദ്രവ്യം കെട്ടിവയ്ക്കേണ്ടതും ലേലത്തിനുശേഷം ടി തുക നിയമാനുസൃതം മടക്കിക്കൊടുക്കുന്നതുമാകുന്നു. ലേലത്തിൽ ഏറ്റവും കൂടിയ തുകയ്ക്ക് വിളികേൾക്കുന്ന ആളിന്റെ പേരിൽ ലേലം സ്ഥിരപ്പെടുത്തുന്നതും നിരതദ്രവ്യം കഴിച്ചുള്ള തുക ഉടനടി ഒടുക്കുവരുത്തേണ്ടതുമാണ്. വീഴ്ചവരുത്തിയാൽ വീണ്ടും ലേലം നടത്തുന്നതും തന്മൂലം നഷ്ടം സംഭവിച്ചാൽ ആദ്യലേലക്കാരിൽ നിന്നും തുക ഈടാക്കുന്നതുമാണ്. ലേലത്തിൽ കൂടുതൽ തുകലഭിച്ചാൽ ടിയാന് അവകാശപ്പെടാൻ പാടില്ലാത്തതുമാകുന്നു. സർക്കാർ നിശ്ചയിച്ചിട്ടുള്ള ലേലവ്യവസ്ഥകൾ ഇതിനും ബാധകമാണ്.

ലേലം പിടിക്കുന്ന വ്യക്തി ലേലതുകയ്ക്ക് പുറമേ 14.5% വാറ്റും മൊത്തം തുകയുടെ 5% വനം വികസനഫണ്ടായും ഒടുക്കുവരുത്തേണ്ടതാണ്. ലേലദിവസം ഏതെങ്കിലും കാരണവശാൽ അവധി പ്രഖ്യാപിക്കുന്ന പക്ഷം തൊട്ടടുത്ത പ്രവൃത്തിദിവസം ടി ലേലം നടത്തുന്നതാണ്. ലേലം സ്ഥിരപ്പെടുത്തുന്നതിനും അസ്ഥിരപ്പെടുത്തുന്നതിനുമുള്ള അധികാരം തഹസിൽദാരിൽ നിക്ഷിപ്തമാണ്.

TALUK OFFICE
THIRUVANANTHAPURAM

തഹസിൽദാർ